62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 639 Participant Code: 121

66

# "ബാല്യത്തിൻ വീഥികൾ"

തിരികെ വീട്ടിലേക്കുള്ള യാത്രയിലാണവൾ
ഭർത്താവിനും കുട്ടികൾക്കുമൊപ്പം,
ജീവിതത്തിൻ നേർവഴിത്താരകൾ താണ്ടിയവൾ ഒടുവിൽ-
വീട്ടിലേക്കുള്ള വീഥിയിലും വിണ്ടുകീറിയ-
പാദമുദ്രകൾ പതിപ്പിച്ച് മുന്നേറുന്നു.
നീണ്ട പത്തുകൊല്ലങ്ങൾ കാലമാറിയവനികയ്ക്കു-
പിന്നിലെവിടെയോ ഓടിയൊളിച്ചുകഴിഞ്ഞു.
അന്നവൾ സ്കൂൾബാഗും ചുമലിലേറ്റി,
നറുബാല്യത്തിൻ കൊലുസുകിലുക്കി-
ത്തുള്ളിക്കളിച്ചു കടന്നുപോയ ഇടവഴികൾ,
പക്ഷെ അവൾതൻ ബാല്യത്തിൻമണൽത്തീരം
കാലത്തിൻ തിരയിലൊലിച്ചുപോയി.
സ്കൂൾബാഗു താങ്ങിയ അവളുടെ ചുമലുകൾ
ദാമ്പത്യത്തിന്റെ ഉൽക്കടഭാരംപേറി
കൂനിയിരിക്കവേ,
ബാല്യത്തിൻ മായൂര നൃത്തം ചവിട്ടിയ,
ആഹ്ലാദകലവികൾ മൊട്ടിട്ട പാദങ്ങൾ
ജീവിത പരാധീനതകളാം ചിളുകൾ -

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

താണ്ടി മരവിച്ചു തേഞ്ഞുപോയിരിക്കുന്ന
ബാല്യകാലത്തിൻ നിഴൽപതിഞ്ഞൊരാ പാതയിലൂടെ
വിണ്ടുകീറിയ പാദങ്ങൾ തുഴഞ്ഞ്
വീണ്ടുമവൾ മുന്നേറവേ,
വഴിയരികിലെ മാകന്ദമുത്തശ്ശി
അവളുടെ ബാല്യകാലകഥകൾ പറഞ്ഞുകൊ-
ണ്ടേയിരുന്നു.
വേനൽക്കാലത്തിൻ തേനൂറും മാവിന്റെ
മാമ്പഴമാധുര്യത്തിൻ കല്ലോലിനി
അവളുടെ നാവിൽ അലയടിച്ചുയരുകയായിരുന്നു.
പക്ഷേ, അവളുടെ ജീവിതമാധുര്യത്തിൻ-
തെളിനീരുറവ കാലമാകിയ സൂര്യന്റെ
തീക്ഷ്ണതാപത്താൽ എന്നേ വറ്റിക്കഴിഞ്ഞു!
അവൾ താണ്ടുമീ വഴികളെല്ലാം,
ബാല്യത്തിൻ ഗാനം മീട്ടും വീണയോ?
അതോ, യാഥാർഥ്യത്തിൻ നിഴൽ വീണ നിരാശകളോ
ജീവിതത്തിൻ കയ്പുനീർക്കടൽ കുടിച്ചു-
വറ്റിവരണ്ട ആ തൊണ്ടയ്ക്കു-
ബാല്യത്തിൻ തെളിനീരു പകർന്നാശ്വസിപ്പാൻ

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 639 Participant Code: 121

വീണ്ടും തുറക്കുമോ?
ബാല്യവീഥിതൻ ആ കവാടം........

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).